ഫിഷറീസ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അക്വേറിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കുഴൽ കിണർ, ഇലക്ട്രിസിറ്റി, പ്ലംബിംഗ് വർക്കുകൾ പൂർത്തീകരിക്കുകയും ജനറേറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇനി KAVIL മുഖേന അക്വേറിയം ടാങ്കും അനുബന്ധ സാമഗ്രികളും ക്രമീകരിച്ചുകഴിഞ്ഞാൽ അക്വേറിയം വിനോദ സഞ്ചാരികൾക്ക് തുറന്നുകൊടുക്കാവുന്നതാണ്. ഇതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രമായ വർക്കലയിൽ അഡാക്കിന്റെ ഓടയം ഹാച്ചറി കോമ്പൗണ്ടിൽ വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിലേയ്ക്കായി അക്വേറിയം കോംപ്ലക്സ് കം ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ കൊല്ലം ജില്ലയിലെ തെന്മലയിൽ പബ്ലിക് അക്വേറിയം നിലവിൽ ഉണ്ട്. കൂടാതെ വൈക്കം, കോട്ടയം എന്നിവിടങ്ങളിൽ നഗരസഭയുമായി സഹകരിച്ചും പബ്ലിക് അക്വേറിയങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അഡാക്കിന്റെ വർക്കലയിലുള്ള ഓടയത്തെ ഹാച്ചറി കോമ്പൗണ്ടിൽ സ്ഥാപിച്ചുവരുന്ന അക്വേറിയം കോംപ്ലക്സിൽ നാടൻ മത്സ്യങ്ങളെ പ്രദർശിപ്പിക്കുന്നതിനും ട്രെയിനിംഗ് സെന്റർ മുഖേന അവയുടെ ഗുണഗണങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഡാക്കിന്റെ നെയ്യാർഡാം അക്വേറിയത്തിൽ നാടൻ മത്സ്യങ്ങൾക്ക് വിപുലമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നാടൻ മത്സ്യങ്ങളായ മിസ്കേരള, കരിമീൻ, ആറ്റുകൊഞ്ച്, നെടുമീൻ തുടങ്ങിയവ പ്രദർശിപ്പിച്ചുവരുന്നു.

(സി) ഫിഷറീസ് വകുപ്പിന്റെയും അനുബന്ധ ഏജൻസികളുടെയും കീഴിൽ പാലക്കാട് ജില്ലയിലെ മലമ്പുഴ, തിരുവനന്തപുരം ജില്ലയിലെ നെയ്യാർഡാം, കൊല്ലം ജില്ലയിലെ തെന്മല, കോട്ടയം, വൈക്കം എന്നിവിടങ്ങളിൽ അക്വേറിയങ്ങൾ പ്രവർത്തിച്ചുവരുന്നു.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

151 (1892) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി അംബിക, കുട്ടങ്കൽ കാക്കത്തുരുത്ത്, എരമല്ലൂർ, എഴുപുന്ന പഞ്ചായത്ത് എന്നയാൾ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നു അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വായ്പ ഇക തിരിച്ചടയ്ക്കാത്തതിനെ തുടർന്ന് പ്രസ്തുത അപേക്ഷക യ്ക്കെതിരെ ജപ്തി നടപടികൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സഹായം അടിയന്തരമായി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2007 ഡിസംബർ 31 വരെ എടുത്തിട്ടുള്ള വായ്പകൾക്കാണ് കടാശ്വാസം നൽകിവരുന്നത്. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ ലഭ്യമായ രേഖകൾ പരിശോധിച്ചപ്പോൾ ശ്രീമതി അംബിക, എരുമല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്തിട്ടുള്ളത് 2008-ൽ ആണ്. ആയതിനാൽ നിലവിലെ കടാശ്വാസ നിയമപ്രകാരം ശ്രീമതി അംബികയ്ക്ക് കടാശ്വാസത്തിന് അർഹതയില്ല.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

152 (1893) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ എത്ര പേർക്ക് എത്ര ഇക കടാശ്വാസമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അപേക്ഷകളുടെ പരിഗണനയ്ക്കായി എത്ര പ്രാവശ്യം സിറ്റിംഗ് നടത്തിയിട്ടുണ്ടെന്നും എത്ര അപേക്ഷകൾ പരിഗണിച്ചിട്ടുണ്ടെന്നും ഇനിയും പരിഗണിക്കാത്ത എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്ന് മുതൽ എട്ട് വരെ ഘട്ടങ്ങളിലായി 18150 മത്സ്യത്തൊഴിലാളികൾക്ക് നാളിതുവരെ 84.06 കോടി രൂപയുടെ കടാശ്വാസമാണ് ശിപാർശ ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ബി) മത്സ്യത്തൊഴിലാളികൾക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 31-12-2007 വരെ എടുത്തിട്ടുള്ള വായ്പകളിൻമേൽ കടാശ്വാസം ശിപാർശ

LIBRARY ARCHIVES Kerala Legislative Assembly